ലക്കം 30

# ഗോസ്പൽ ട്രൂത്ത്


**അഖിലലോക സുവിശേഷ പ്രവർത്തനത്തെ പ്രോത്സാഹിപ്പിക്കുവാനുതകുന്ന വേദപുസ്തക സത്യങ്ങൾ**

For Private Circulation only

## സ്തുതിയുടെ ശക്തി

യെഹൂദാ രാജാവായ യെഹോശാഫാത്ത്, ഉപവാസത്തോടും പ്രാർത്ഥനയോടും കൂടി ദൈവത്തെ സ്തുതിച്ചു. ഒരു വലിയ സൈന്യം യെഹൂദാരാജ്യത്തിന് വിരോധമായി യുദ്ധസന്നാഹത്തോടുകൂടി യുദ്ധത്തിനായി ഒരുങ്ങിവന്ന വിവരണം 2 ദിനവൃത്താന്തം - 20-ാം അദ്ധ്യായ ത്തിൽ കാണാവുന്നതാണ്. വലിയ സൈന്യത്തെ അതിജീവിക്കാൻ കഴിയാതെ ഭയന്നു പോയ യെഹോശാഫാത്ത് രാജാവ് ദൈവത്തോട് നിലവിളിച്ചുകൊണ്ട് ഇപ്രകാരം പറഞ്ഞു: “ഞങ്ങളുടെ പിതാക്കന്മാരുടെ ദൈവമായ യഹോവേ നീ സ്വർഗ്ഗസ്ഥനായ ദൈവമല്ലോ നീ ജാതികളുടെ സകലരാജ്യങ്ങളെയും ഭരിക്കുന്നുവല്ലോ. ആർക്കും എതിർപ്പാൻ കഴിയാത്ത ശക്തിയും പരാക്രമവും നിനക്കുണ്ടല്ലോ. ഞങ്ങളുടെ നേരെ വരുന്ന ഈ വലിയ സമൂഹത്തോടെ തീർപ്പാൻ ഞങ്ങൾക്ക് ശക്തിയില്ല. എന്തു ചെയ്യേണ്ടു എന്നറിയുന്നതുമില്ല. എങ്കിലും തങ്ങളുടെ കണ്ണുകൾ നിങ്കലേക്ക് തിരിഞ്ഞിരിക്കുന്നു. എന്നു പറഞ്ഞു പ്രാർത്ഥിച്ചു. അതിന് ദൈവം ഉത്തരമരുളിയത്. “ഈ വലിയ സമൂഹം നിമിത്തം ഭയപ്പെടരുത്, ഭ്രമിക്കയും അരുത്. യുദ്ധം നിങ്ങളുടെതല്ല, ദൈവത്തിന്റെതത്രേ ഈ പടയിൽ പൊരുതുവാൻ ആവശ്യമില്ല. നിങ്ങൾ സ്ഥിരമായി നിന്ന് യഹോവ നിങ്ങൾക്ക് വരുത്തുന്ന രക്ഷ കണ്ടുകൊൾവിൻ. ഭയപ്പെടരുത്, ഭ്രമിക്കയും അരുത് നാളെ അവരുടെ നേരെ ചെല്ലുവിൻ. യഹോവ നിങ്ങളുടെ കൂടെയുണ്ട്.”

പിറ്റേദിവസം രാവിലെ തന്നെ യഹോശാഫാത്ത്, ദൈവ വചനത്തിൽ വിശ്വസിച്ചുകൊണ്ട് ദൈവത്തെ സ്തുതിക്കുവാനും വിശുദ്ധവസ്ത്രാലങ്കാരത്തോടു കൂടി ദൈവത്തെ വാഴ്ത്തിപ്പാടാനും സംഗീതക്കാരെ നിയമിച്ചു. അവർ ദൈവത്തെ പാടി സ്തുതിക്കുവാനാരംഭിച്ചപ്പോൾ ദൈവം അവർക്ക് നേരെ പതിയിരുപ്പുകാരെ ഏർപ്പെടുത്തി. യെഹൂദ്യർ മരുഭൂമിയിലെ കാവൽ ഗോപുരത്തിനരികെ എത്തിയപ്പോൾ അവർ പുരുഷാരത്തെ നോക്കി അവർ ശവങ്ങളായി നിലത്തു കിടക്കുന്നത് കണ്ടു. ദൈവം തന്റെ ജനത്തിന് വലിയൊരു ജയം നൽകി. പ്രതികൂല സാഹചര്യത്തെ നോക്കിക്കൊണ്ട് ഭയചിത്തരായി പിറുപിറുക്കുവാനും നിലവിളിക്കുന്നതിനും പകരമായി അവർ ദൈവത്തെ വിളിച്ചപേക്ഷിക്കുകയും അവന്റെ വചനത്തെ അടിയുറച്ചു വിശ്വസിക്കുകയും  പാടി സ്തുതിക്കുകയും ചെയ്തു. സ്തുതിക്കുന്നതിൽ ദൈവീകമായ ഒരു വലിയ ശക്തിയുണ്ട്.  ആരാധനയിലൂടെ ദൈവത്തെ മഹത്വപ്പെടുത്തിയപ്പോൾ ശത്രു പരാജയപ്പെട്ടു. അധരങ്ങൾ തുറന്ന് എപ്പോഴെല്ലാം ദൈവജനം സ്തുതിച്ചുവോ അപ്പോഴെല്ലാം അവർ വിജയം കണ്ടിട്ടുണ്ട്. ദൈവത്തെ ഘോഷിക്കുകയും, സാക്ഷിക്കുകയും, ഗീതങ്ങളാൽ പുകഴ്ത്തുകയും ചെയ്യുമ്പോൾ ദൈവസാന്നിദ്ധ്യത്തിലേക്കുള്ള പ്രവേശനത്തെ സാധ്യമാക്കുന്നു. എന്തെന്നാൽ സർവ്വമഹത്വത്തിൻ യഹോവയായ ദൈവം സ്തുതികളിൽ മേൽ വസിക്കുന്നവനാണ്. (സങ്കി 22:3) നമുക്ക് നേരെ വരുന്ന ഗോലിയാത്ത്  മല്ലന്മാരും യെരീഹോ വന്മതിലുകളും ദൈവത്തെ ആരാധിച്ചു മഹത്വപ്പെടുത്താനുള്ള അവസരങ്ങളായി നാം കാണണം. ശാന്തരായി 6 ദിവസം യിസ്രായേൽ മക്കൾ യെരീഹോ മതിൽ ചുറ്റി നടന്നതു നാം ഓർക്കുക. ഏഴാം ദിനം അവർ ഏഴ് പ്രാവശ്യം മതിൽ വലംവെച്ചു. ദൈവ വചനപ്രകാരം അവർ ആർത്തു ദൈവത്തെ സ്തുതിച്ചുകൊണ്ട് കാഹളം ഊതിയപ്പോൾ യെരീഹോ മതിൽ




**“ദൈവത്തെ ഘോഷിക്കുകയും സാക്ഷിക്കുകയും ഗീതങ്ങളാൽ പുകഴ്ത്തു കയും ചെയ്യുമ്പോൾ ദൈവസാന്നിദ്ധ്യത്തിലേക്കുള്ള പ്രവേശനത്തെ സാധ്യമാക്കുന്നു”**


| | | | | |
|---|---|---|---|---|
| സ്തുതിയുടെ ശക്തി | പത്രാധിപലേഖനം | ബൈബിൾ പഠനം: സ്തുതി | അനുബന്ധ ലേഖനം<br>ഓ കർത്താവിനെ സ്തുതിക്കുക! 5 - 6<br>ചോദ്യവും ഉത്തരവും | നിങ്ങൾക്കറിയാമോ?<br>തക്കസമയത്തെ വാക്ക് |
| 1 | 3 | 4 | 7 | 8 |

വീണു. (യോശുവ. 6:16-20) ദൈവത്തിന് മഹത്വം! ചില സന്ദർഭങ്ങളിൽ, നമ്മുടെ ആത്മീയ ജീവിതത്തിൽ മുന്നേറാൻ കഴിയാതെ നിലകൊള്ളുന്ന മതിലുകളുടെ മുന്നിൽ മൗനമായി നാം വച്ചു പുലർത്തുന്ന സമീപനമവസാനിപ്പിച്ച് അധരം തുറന്ന് ശക്തമായി ദൈവത്തെ സ്തുതിച്ചാൽ വന്മതിൽ വീഴുന്നത് കാണാൻ കഴിയും

വിശ്വാസത്തോടുകൂടി സ്തുതിച്ചാൽ അന്ധകാരം മാറി പ്രകാശം വരുന്നതു കാണാം ആത്മീയ പോരാട്ട ത്തിൽ സ്തുതിയും ആരാധ നയും നമ്മുടെ വ്യക്തിപര മായ ജീവിതത്തിലും ബലഹീനതയെ മാറ്റി നമ്മെ ബലപ്പെടുത്തുന്നു.



നിരാശപ്പെടുന്ന സന്ദർഭങ്ങളിൽ.....
ദൈവത്തെ സ്തുതിക്കുമ്പോൾ
ആത്മാവിലുള്ള പുതുക്കവും
ചൈതന്യവും സാധ്യമാകുന്ന
സ്വർഗ്ഗീയ വാതിലുകൾ തുറക്കപ്പെടുന്നു.

എല്ലാം സാധിപ്പിക്കുന്നവനിലേക്ക് ശ്രദ്ധ കേന്ദ്രീകരിക്കുവാൻ സ്തുതി നമുക്ക് കാരണമാകുന്നു. നിരാശയുടെയും സമ്മർദ്ദങ്ങളുടെയും അവസരങ്ങളിൽ സ്തുതി ആരാധന നമ്മെ സ്വർഗ്ഗീയ കവാടത്തിലേക്ക് ആനയിക്കുകയും ആത്മീയ പുതുക്കവും ചൈതന്യവും നൽകുന്നു.

അപ്പൊ.16:22-26 പൗലോസിനെയും ശീലാസിനേയും അതിക്രൂരമായി ചാട്ടവാറിനാൽ അടിച്ച് അവശരാക്കി തടവറയിലേക്ക് തള്ളി വിട്ടു. അവരുടെ കാലുകളെ ചങ്ങലയിട്ടു പൂട്ടിവച്ചു. കയ്പേറിയ അനുഭവങ്ങളാൽ പരാതിപ്പെടുവാൻ അവകാശം ഉണ്ടായിരുന്നെങ്കിൽ അതു ഇവർക്കാണ്. സുവിശേഷം അറിയിക്കുവാനുള്ള അവരുടെ ആഗ്രഹത്തിന്റെ ഫലമായി അവർ നേരിട്ട വേദന, അന്ധകാരം, തടവറ, ഏകാന്തത, അവഗണന, അപമാനം, എല്ലാം അവർ സന്തോഷത്തോടെ സഹിച്ചു. അവർ അവിടെയും ദൈവത്തെ സ്തുതിച്ചു പാടി പ്രാർത്ഥിച്ചു. അവരുടെ പ്രാർത്ഥന സ്വയരക്ഷയ്ക്കു വേണ്ടി ആയിരുന്നില്ല പ്രത്യുത ദൈവത്തെ സ്തുതിച്ചു കൊണ്ട് നന്ദി അർപ്പിക്കുകയായിരുന്നു. ബാഹ്യമായി നോക്കുമ്പോൾ പരാജിതർ എന്നു തോന്നുമെന്നാൽ ആത്മീയമായി അവർ ദൈവത്തെ സ്തുതിച്ചുകൊണ്ട് അവർ വിജയം കണ്ടെത്തുകയായിരുന്നു. പീഡനത്തിലൂടെയും കഷ്ടപ്പാടി ലൂടെയും അവർ യേശുവിനെ കർത്താദി കർത്താവും രാജാധിരാജാവുമായി ഉയർത്തുകയായിരുന്നു. ആ രാത്രി ഇരുട്ടുള്ളതായിരുന്നുവെങ്കിലും കർത്താവി ലുള്ള സന്തോഷം അവരുടെ ബലമായിരുന്നു. സന്തോഷത്താൽ അവർ ദൈവത്തെ പാടി സ്തുതിച്ചപ്പോൾ ഭൂമി കുലുങ്ങി കാരാഗൃഹത്തിന്റെ അടിത്തറയിളകി. കാരാഗൃഹത്തിന്റെ വാതിലുകൾ മലർക്കെ തുറന്നു. എല്ലാവരുടെയും ബന്ധനം അഴിഞ്ഞു. സ്തുതി ആരാധനയാൽ വിടുതൽ പൂർണ്ണമായി.

ദൈവ പൈതലേ, തല ഉയർത്തി ദൈവത്തെ സ്തുതിക്കാം. കാണുന്നതിനെ വിശ്വസിക്കാതെ, സ്വർഗ്ഗത്തിനും ഭൂമിക്കും നാഥനായ കർത്താവിൽ വിശ്വസിക്കാം. അന്ധകാരം എത്ര കഠിനമെന്നത് ഒരു പ്രശ്നമല്ല, മതിൽ എത്രയോ ഉയരമുള്ളതാകട്ടെ, താഴ്വര എത്രയും ആഴമുള്ളതാകട്ടെ, തീച്ചൂള എത്രയോ ചൂടുള്ളതാകട്ടെ, പരിശോധന എത്രയും കടുപ്പമേറിയതാകട്ടെ നമുക്ക് യേശുവിനെ നോക്കാം. സ്തുതിക്കാം. രക്ഷാദാനം നൽകിയവനെ വാഴ്ത്താം. അവന്റെ ദയക്കായി അവനെ പുകഴ്ത്താം. അവന്റെ നന്മകൾക്കായി സ്തുതിക്കാം, അവന്റെ സ്നേഹത്തിനായി അവനെ സ്തുതിക്കാം. ദൈവത്തിന്റെ ശക്തിയാൽ കൊടുങ്കാറ്റിലും നമുക്ക് ദൈവത്തെ സ്തുതിക്കാൻ കഴിയും. ഉച്ചത്തിൽ ആർത്തു സ്തുതിക്കാം നമ്മുടെ ശത്രു ലജ്ജിക്കും ദൈവത്തിന് സ്തോത്രം ■

ആത്മീയ അഭിവൃദ്ധിയും ദൈവമക്കളുടെ ആത്മീയ വളർച്ചയും ലക്ഷ്യമാക്കികൊണ്ട്, ദൈവസഭയുടെ ഉപദേശ സത്യങ്ങൾ ത്രൈമാസങ്ങളിൽ പുറത്തിറക്കുന്ന ഒരു പ്രസിദ്ധീകരണമാണ് ഗോസ്പൽ ട്രൂത്ത്. www. thegospeltruth.org എന്ന വെബ്സൈറ്റ് മുഖേനയും ഇ- മെയിൽ വഴിയായും ആനുകാലിക ആത്മീയ സന്ദേശങ്ങൾ ലഭ്യമാണ്. ഗോസ്പൽട്രൂത്ത് മിക്കരാജ്യങ്ങളിലും പ്രദേശിക ഭാഷകളിൽ ഇന്ന് ലഭിക്കുന്നുണ്ട്. അനേകരുടെ സ്വമേധാദാനങ്ങൾ മുഖാന്തരമാണിത് സാധിക്കുന്നത്. മുഖപേജിലുള്ള ചിത്രങ്ങൾ അനുവാദപ്രകാരം കൊടുത്തിട്ടുള്ളതുമാകുന്നു.

എന്ന് എഡിറ്റർ,
മൈക്കിൾ ഡബ്ല്യൂ. സ്മിത്ത്

# ബൈബിൾ
## എന്തു പഠിപ്പിക്കുന്നു.

**ദൈവവചനം**
2 തിമൊ. 3: 16-17, 2 പത്രൊ. 1: 20, 21, മത്തായി 24: 35

**സ്നേഹബന്ധം**
മത്തായി 22: 37-40, യോഹ. 14: 21-23, 1 യോഹ. 4: 7-11

**മാനസാന്തരം**
അപ്പൊ. 3: 19, 17: 30, 2 കൊരി. 7:10

**പുതുജനനം**
യോഹ. 3: 3-7, 2 കൊരി. 5: 17, റോമർ 6 : 1-4, എഫെ. 2: 1, 5-6).

**പാപത്തിൽ നിന്നും സ്വാതന്ത്ര്യം**
1 യോഹ. 5: 18, മത്തായി 1: 21, യോഹ. 8: 11

**പരിശുദ്ധാത്മ നിറവ്**
അപ്പൊ. 19: 2, 15: 8-9, 1: 8).

**വിശുദ്ധി**
ലൂക്കോ. 1:73-75, എബ്രാ. 12:14, 1 പത്രൊ. 1: 15-16, തീത്തോ. 2: 11, 12, റോമ. 6: 22

**ദൈവരാജ്യം**
ലൂക്കോ. 17 : 20-21, റോമ. 14: 17, യോഹ. 18: 36

**സഭ**
അപ്പൊ. 2: 4-7, എഫെ. 4: 4-6, 1 കൊരി. 12: 12,13, കൊലൊ. 1: 18

**ഐക്യത**
യോഹ. 17: 20-23, ഗലാ. 3: 28, വെളി. 18: 2-4

**ചട്ടങ്ങൾ**
മത്താ. 28: 19-20, 26: 26-30, 1 കൊരി. 11: 23-27, യോഹ. 13: 14-17

**ദൈവീക രോഗശാന്തി**
ലൂക്കോ. 4: 18, യെശയ്യ. 53: 4-5, യാക്കോബ് 5: 13-16

**വിവാഹശുശ്രൂഷ**
മത്താ. 19: 5-6, ലൂക്കോ. 16: 18, റോമർ 7: 2-3, 1 കൊരി. 7: 10-11

**ബാഹ്യപ്രകടനം**
1 തിമൊ. 2: 9-10, 1 കൊരി. 11: 14-15, ആവർത്തനം 22: 5

**അന്ത്യകാലം**
2 പത്രൊ. 3: 7-12, യോഹ. 5: 28-29, 2 കൊരി. 5: 10, മത്താ. 25: 31-46

**സാമാധാനവാദം:**
ലൂക്കോസ് 6: 27-29, ലൂക്കോസ് 18: 20

**ആരാധന**
യോഹ. 4: 23-24, എഫെ. 5: 19, 2 കൊരി. 3: 17

**അന്ത്യകല്പന**
മർക്കോസ് 16: 15

# പത്രാധിപലേഖനം



*‘‘നിന്റെ ദയ ജീവനെക്കാൾ നല്ലതാകുന്നു. എന്റെ അധരങ്ങൾ നിന്നെ സ്തുതിക്കും’’.–സങ്കീ.63:3*

സ്തുതി എന്ന വിഷയത്തെ കുറിച്ചാണ് ഇത്തവണ നാം പ്രതിപാദിക്കാൻ പോകുന്നത്. സ്തുതി ഒരു പദവിയും ബഹുമതിയും മാത്രമല്ല അതൊരു കല്പനയും കൂടിയാണ്. ദൈവം നമുക്ക് വേണ്ടി എന്തെല്ലാം നന്മകൾ ചെയ്തിരിക്കുന്നു. എന്തുകൊണ്ട് നമുക്ക് മടങ്ങി വന്ന് തന്നെ നമ്മുടെ അധരഫലം കൊണ്ട് അവനെ ബഹുമാനിച്ചുകൂടാ? പ്രതികൂല സന്ദർഭങ്ങളിലും നമ്മുടെ ഹൃദയം സ്തുതി നിറഞ്ഞതാകണം. നമ്മുടെ അധരങ്ങൾ കർത്താവിനെ സ്തുതിക്കണം.

ഈ പംക്തിയിൽ പരാമർശിക്കുവാൻ ഇടമുണ്ടായിരുന്നതിനെക്കാൾ കൂടുതൽ വേദ ഗ്രന്ഥങ്ങൾ ഈ വിഷയത്തിലുണ്ട്. രണ്ടോ മൂന്നോ സ്ഥലങ്ങളിൽ മാത്രം പഠിപ്പിക്കുന്ന ഉപദേശങ്ങളിൽ അവർ മുറുകെ പിടിക്കുന്നുണ്ടെങ്കിലും പവിത്രതയുള്ള പലരും ഇപ്പോഴും അതിനെ ഒരു മുൻഗണനയായി വീക്ഷിക്കുന്നു എന്നത് രസകരമാണ്. ഒരു സത്യവും ചെറുതാക്കരുത്. എന്നാൽ ബൈബിളിൽ അടിസ്ഥാനപരമായി പഠിപ്പിക്കുന്ന ഒരു ഉപദേശത്തിന് നാം ശ്രദ്ധ നൽകണം.

എന്റെ ഓഫീസിലെ സ്വകാര്യതയിലോ റോഡിലൂടെയുള്ള വാഹനം ഓടിക്കുമ്പോഴോ കർത്താവിനും എനിക്കും ഇടയിലാണ് ഞാൻ അനുഭവിച്ചിട്ടുള്ള സ്തുതി സ്തോത്രത്തിന്റെ സമ്പന്നമായ ചില സമയങ്ങൾ. എന്നിരുന്നാലും പൊതുവായ ആരാധനയിൽ ആ സ്തുതിയെ അടിച്ചമർത്താൻ ഞാൻ പ്രലോഭിച്ചിട്ടുണ്ട്. കർത്താവിനെ സ്തുതിക്കുന്നതിൽ നിന്നും നമ്മെ പിന്തിരിപ്പിക്കാൻ ശ്രമിക്കുന്ന ശത്രുവിന്റെ പദ്ധതിക്കെതിരെ നമുക്ക് നിലകൊള്ളാം. സ്തുതിയുടെയും സ്തോത്രത്തിന്റെയും മഹത്തായ പൈതൃകമാണ് വിശുദ്ധന്മാർക്കുള്ളത്. ദൈവജനത്തിന്റെ പല ഗാനങ്ങളും കർത്താവിനെ  സ്തുതിക്കുന്നതും ആരാധിക്കുന്നതുമായ ഗാനങ്ങളാണ്. ഹൃദയംഗമായ ആത്മാവിന്റെ നേതൃത്വത്തിലുള്ള ആശ്ചര്യത്തോടെ ദൈവത്തെ സ്തുതിക്കുക.

ഒരു കാലത്ത് ഊർജ്ജസ്വലവും ചൈതന്യവും നിറഞ്ഞതും സ്തുതിയുടെ ആത്മാവും ഉള്ളവയായിരുന്നു. തന്റെ ജനം തന്റെ ഹിതത്തിനായി നിലകൊള്ളണമെന്ന് ദൈവം ആഗ്രഹിക്കുന്നു. വാക്കിനെക്കാൾ ജീവിതത്തിനാണ് പ്രാധാന്യം. എന്നാൽ ആന്തരിക അനുഭവം ലഭിക്കാൻ നമ്മോട് കല്പ്പിക്കപ്പെട്ടിരിക്കുന്നു. ശാന്തമായ ആദരവിന്റെ സമയങ്ങൾ ഉണ്ടാകും. പക്ഷേ വളരെയധികം സന്തോഷിക്കേണ്ടതാണ് ദൈവത്തെ സ്തുതിക്കുന്നത് ഒരു സഭാ സേവനത്തിലല്ല, മറിച്ച് വ്യക്തി ജീവിതത്തിലാണ് ആരംഭിക്കുന്നത്.

യഥാർത്ഥ സ്തുതി എന്നത് നിർബന്ധിതമോ അല്ലാത്തതോ ആയ പ്രകടനമല്ല. ദൈവത്തെപ്പോലെ സ്തുതിയിൽ വിശ്വസ്തനായിരിക്കാൻ നമുക്ക് ദൈവത്തെ അന്വേഷിക്കാം.


അവന്റെ ആത്മാവിനാൽ നമ്മെ നിറയ്ക്കുകയും അനുഗ്രഹിക്കുകയും ചെയ്യേണ്ടതിന് നമുക്ക് ദൈവത്തെ വിശ്വസ്തതയോടെ സ്തുതിക്കുകയും, ഉയർത്തുകയും ചെയ്യാം.

മൈക്കിൾ ഡബ്ല്യു. സ്മിത്ത്

ഇന്റർനെറ്റിൽ കൂടുതൽ വായിക്കാം.

www.thegospeltruth.org

# വിശുദ്ധ കരങ്ങളെ ഉയർത്തുക



*‘‘നിന്റെ നാമത്തിൽ ഞാൻ എന്റെ കൈകളെ മലർത്തും’’ – സങ്കീ – 63 : 4*

പഴയ പുതിയ നിയമങ്ങളിലുടനീളം പൊതുവെ ദൈവജനം കരം ഉയർത്തി സ്തുതിക്കുകയും ആരാധിക്കുകയും ചെയ്യുന്നതു കാണാം. പ്രാർത്ഥനയിൽ അത് എല്ലാറ്റിന്റേയും ദാതാവിനോട് ഒരു വിനയവും ആവശ്യബോധവും കാണിക്കയും കർത്താവിൽ നിന്നുള്ള അപേക്ഷയുടെയും അഭ്യർത്ഥനയുടെയും പ്രകടനമായി കൈകൾ നീട്ടുകയും ചെയ്യുന്നു. സ്തുതിയിൽ, ഇതു നമ്മുടെ രക്ഷകനും സ്വർഗ്ഗസ്ഥനുമായ പിതാവിനോടുള്ള ബഹുമാനത്തിന്റെയും ആദരവിന്റേയും പ്രകടനമാണ്. സീയോനിലെ ഗാനങ്ങൾ ആലപിക്കുമ്പോൾ കൈകൾ വായുവിലൂടെ ചലിപ്പിക്കുന്നതു കർത്താവിനെ സ്തുതിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്നതിന്റെ അടയാളമാണ്. ആലപിക്കുന്നതോ സംസാരിക്കുകയോ ചെയ്യുന്ന കാര്യങ്ങൾ കൂടുതൽ ആവശ്യത്തിനും ആഗ്രഹത്തിനും വേണ്ടിയുള്ള പ്രാർത്ഥനയെ സൂചിപ്പിക്കുന്നു.

# ബൈബിൾ പഠന സഹായി

## വിഷയം : സ്തുതി

**വായനഭാഗം :** 'സകലഭൂവാസികളുമായുള്ളോരേ,സന്തോഷത്തോടെ യഹോവയെ സേവിപ്പിൻ. സംഗീതത്തോടെ അവന്റെ സന്നിധിയിൽ വരുവിൻ. യഹോവ തന്നെ ദൈവമെന്നറിവിൻ. അവൻ നമ്മേ ഉണ്ടാക്കി. നാം അവനുള്ളവർ ആകുന്നു.... അവന്റെ വാതിലുകളിൽ സ്തോത്രത്തോടും അവന്റെ പ്രാകാരങ്ങളിൽ സ്തുതിയോടും കൂടെ വരുവീൻ. (സങ്കീ.100:1-2,4)

**നിർവ്വചനം :** സ്തുതി അർപ്പിക്കുക എന്നത് ആരാധനയുടെയും സ്നേഹാദരവുകളുടെയും ആഴമേറിയ ആത്മീയ പ്രകടനമാണ്. വചനത്തിലൂടെയും ഗീതങ്ങളിലൂടെയുമുള്ള ദൃഢബന്ധത്തിലുള്ള ആരാധനയാണിത്.

**രത്നചുരുക്കം :** ദൈവം ആരാധനയ്ക്ക് യോഗ്യനാണ്. വചനത്തിലൂടെയും സംഗീതത്തിലൂടെയു മൊക്കെ അവനെ പാടി സ്തുതിച്ച് അവന്റെ നാമത്തെ ഉയർത്തുക എന്നത് ദൈവമക്കളുടെ ചുമതല മാത്രമല്ല അതവരുടെ അവകാശം കൂടിയാണ്. വിശുദ്ധിയുടെ ജീവിതത്തിന്റെ ഉടമകളായ നമുക്ക് യഥാർത്ഥ ആരാധന ബാഹ്യ ജഡത്തിൽ നിന്നുമല്ല പ്രത്യുത ആത്മാവിൽ നിന്നുള്ള അനസ്യൂത പ്രവാഹമത്രെ. അനുഗ്രഹത്തിന്റെ ആധിപതിയായ ദൈവത്തിൽ നിന്നുമുള്ള വാതിലുകളെ തുറക്കുവാൻ സ്തുതി സ്തോത്രങ്ങൾക്ക് ശക്തിയുണ്ട്.

### I. സ്തുതി ഒരു കല്പനയാണ്

A. വെളി 19: 4-7 എല്ലാ ദാസന്മാരും
B. റോമർ 15: 9 - 1 സന്തോഷിക്കാനുള്ള വിളി
C. സങ്കീ 117: 1-2 എല്ലാ വംശങ്ങളും രാജ്യങ്ങളും
D. 1 ദിനവൃ 16: 23-36 സ്തുതി മുഴക്കുക
E. എബ്രായർ 13 : 15 സ്തോത്രയാഗം

### II. സംഗീതത്തിലൂടെ നന്ദി അർപ്പിക്കുക

A. സങ്കീ 9 :11 വാഴ്ത്തിപ്പാടുക
B. സങ്കീ 107:1, 2 വീണ്ടെടുക്കപ്പെട്ടവർ
C. എഫെസ്യ 5: 19 - 20 വാഴ്ത്തിപുകഴ്ത്താം

### III. സ്തുതിക്കുവാനുള്ള കാരണങ്ങൾ

A. ലൂക്കോസ് 10: 19,20 സ്വർഗ്ഗത്തിൽ എഴുതപ്പെട്ടതിനാൽ
B. 1 ശമു 4: 5-6 ദൈവ സാന്നിദ്ധ്യം
C. സങ്കീ 29: 2 ദൈവനാമ മഹത്വത്തിന്
D. യോവേൽ 2: 26 ദൈവദാനങ്ങൾക്കായി
E. സങ്കീ 147: 1 സ്തുതി മനോഹരവും ഉചിതവും

### IV. എപ്പോൾ, എവിടെ?

A. ഫിലി 4:4 എപ്പോഴും സന്തോഷിപ്പിൻ
B. സങ്കീ 35:28 ദിവസം മുഴുവനും
C. 1 പത്രൊ 4:12- 13 പരിശോധനയിലും കഷ്ടതയിലും പീഡകളിലും (ലൂക്കോസ് 6:22,23)
D. സങ്കീ 149: 1 വിശുദ്ധന്മാരുടെ സഭകളിൽ
E. സങ്കീ 150: 1 -2 ജീവനുള്ള കാലം മുഴുവനും

### V. സ്തുതിയുടെ ഉദാഹരണം

A. ലൂക്കൊ 18: 42-43 കുരുടൻ സൗഖ്യമായി
B. അപ്പൊ 3: 8,9 മുടന്തൻ സൗഖ്യമായി
C. ലൂക്കോസ് 19: 35 - 40 ശിഷ്യന്മാർ സന്തോഷിച്ചു
D. ലൂക്കോസ് 23: 44- 49 ജാതിയനായ ശതാധിപൻ

### VI. സീയോന്റെ സ്തുതി

A. യെശയ്യ 60:18 വാതിലുകൾക്ക് സ്തുതി എന്ന് പേർ
B. സങ്കീ 137: 1-4 പ്രവാസകാല സ്തുതി
C. യെശയ്യ 35: 8-10 വിശുദ്ധിയുടെ വാതിൽ
D. യെശയ്യ 61 :3 സ്തുതി എന്ന മേലാട
E. 1 പത്രോസ് 2: 9 സദ്ഗുണങ്ങളെ ഘോഷിക്കുക
F. യെശയ്യ 12: 3-6 സ്തുതിച്ചാർക്കുക

### VII. സ്തുതിയും ആരാധനയും എങ്ങനെ

A. യോഹ 4: 21-24 ആത്മാവിലും സത്യത്തിലും
B. 1 തെസ്സ 5: 16-19 ആത്മാവിനെ കെടുത്തരുത്
C. എബ്രായർ 12: 28 ആരാധനയാലുള്ള ഭയഭക്തി ബഹുമാനം
D. 1 പത്രോ 4: 10 -11 യേശു സ്തുതികൾക്ക് യോഗ്യൻ
E. യോവേൽ 2: 26-27 ലജ്ജിക്കാതെ സ്തുതിക്കുക
F. 1 കൊരി 14: 40 ഉചിതമായും ക്രമമായും

### VIII. യഥാർത്ഥ സ്തുതിയും, വ്യാജ ആരാധനയും

A. യെശയ്യ 29: 13 ഹൃദയം ദൈവത്തെ വിട്ടുമാറി
B. യെശയ്യ 42: 8-10 ദൈവം തന്റെ മഹത്വം ആർക്കും വിട്ടുകൊടുക്കുന്നില്ല
C. സങ്കീ 138: 1 പൂർണ്ണ ഹൃദയത്തോടെ
D. ഫിലി 3: 3 ജഡത്താലല്ല

### IX. സ്തുതിയുടെ ശക്തി

A. 2 ദിനവൃ 20: 20-22 യെഹോശാഫാത്ത്
B. യോശുവ 6: 16 യെരീഹോവിലെ യുദ്ധം
C. അപ്പോ.പ്രവൃർത്തി 16: 25 പൗലോസും ശീലാസും

### ഉപസംഹാരം

ജീവശ്വാസമുള്ളവരെല്ലാവരും ദൈവത്തെ സ്തുതിക്കട്ടെ - സങ്കീ 150 : 6



# ഓ കർത്താവിനെ സ്തുതിക്കുക !



**ദൈവത്തിനുള്ള യഥാർത്ഥ സ്തുതി ആത്മാവിന്റെയും ആരാധനയുടെയും ഒരു പ്രവർത്തിയാണ്. ദൈവത്തെ സ്തുതിക്കുക എന്നതു വ്യർത്ഥമായ വാക്കുകളുടെ ആവർത്തനമോ കേവലം വികാരമോ അല്ല; അത് കർത്താവിനോടുള്ള ബോധപൂർവ്വമായ അനുസരണത്തിന്റെ പ്രവർത്തിയാൽ ദൈവത്തിന് നന്ദിയും പുകഴ്ചയും മഹത്വവും അർപ്പിക്കുന്നതാകുന്നു.**

**"ഹൃദയത്തിൽ സ്തുതിയും നന്ദിയും ഉണ്ടെങ്കിൽ അത് കർത്താവിന് ഒരു വഴിപാടായി വായിൽ നിന്നു പുറത്തു വരണം"**

## സ്തുതി കല്പിക്കപ്പെട്ടിരിക്കുന്നു

സ്തുതി എന്നത് ഒരു നിർദ്ദേശത്തേക്കാൾ ഉപരി ബൈബിളിൽ ഏകദേശം 250 തവണ നൽകിയിരിക്കുന്ന ഒരു കല്പനയാണ്. ദൈവസന്നിധിയിൽ വന്നു സ്തുതിക്കുന്നതിന്റെ രഹസ്യം ദാവീദ് രാജാവ് മനസ്സിലാക്കിയിരുന്നു. "അവന്റെ വാതിലുകളിൽ സ്തോത്രത്തോടു അവന്റെ പ്രകാരങ്ങളിൽ സ്തുതികളോടും കൂടെ വരുവിൻ" (സങ്കീർത്തനങ്ങൾ 100:4). "സന്തോഷത്തോടെ യഹോവയെ സേവിപ്പിൻ സംഗീതത്തോടെ അവന്റെ സന്നിധിയിൽ വരുവിൻ" (സങ്കീർത്ത നങ്ങൾ 100:2) എന്ന നിർദ്ദേശം കേവലം ഒരു പഴയ നിയമ സമ്പ്രദായം മാത്രമല്ല. ദൈവത്തെ ബഹുമാനത്തോടെ ആദരിക്കുകയും മഹത്വപ്പെടുത്തുകയും ആരാധിക്കുകയും സ്തുതിക്കുകയും ചെയ്യേണ്ടതു മനുഷ്യന്റെ കടമയാണ്. അനേകം വിശുദ്ധന്മാർ സ്തുതിയെ തിരഞ്ഞെടുക്കേണ്ടുന്ന ഒരു ഘടകമായോ ചില വ്യക്തിത്വ വിഭാഗങ്ങളിൽ മാത്രമുള്ളവർ എന്നു കണക്കാക്കുകയോ ചെയ്യുന്നു. വെളിപ്പാട് 19:5,7 -ൽ "നമ്മുടെ ദൈവത്തിന്റെ സകല ദാസന്മാരും ഭക്തന്മാരുമായി ചെറിയവരും വലിയവരും ആയുള്ളോരേ അവനെ വാഴ്ത്തുവിൻ..... നാം സന്തോഷിച്ച് അവന് മഹത്വം കൊടുക്കുക " എന്നും, റോമർ 15:10-11 ൽ "അതുകൊണ്ട് ഞാൻ ജാതികളുടെ ഇടയിൽ നിന്നെ വാഴ്ത്തി നിന്റെ നാമത്തിനു സ്തുതി പാടും". "ജാതികളേ ദൈവത്തിന്റെ ജനത്തോട് ഒന്നിച്ച് ആനന്ദിക്കുവിൻ" എന്നു പറഞ്ഞു കൊണ്ട് ഈ കല്പന എല്ലാവർക്കും കൂടുതൽ ശക്തമായി നൽകിയിരിക്കുന്നു.

## ദൈവം സ്തുതിക്കു യോഗ്യനാണ്

"സകല ജാതികളുമായുള്ളോരേ യഹോവയെ സ്തുതിപ്പിൻ, സകല വംശങ്ങളുമായുള്ളോരെ അവനെ വാഴ്ത്തുവിൻ. നമ്മോടുള്ള അവന്റെ ദയ വലുതായിരിക്കുന്നു; യഹോവയുടെ വിശ്വസ്തത എന്നേക്കും ഉള്ളത്. യഹോവയെ സ്തുതിക്കുവിൻ" (സങ്കീർത്തനങ്ങൾ 117:1, 2). 1 ദിന വൃത്താന്തം 16:23-36 ൽ സ്തുതിക്കപ്പെടേണ്ട കർത്താവിന്റെ മഹത്വവും യോഗ്യതയും മനോഹരമായി ചിത്രീകരിച്ചിരിക്കുന്നു. അവിടുന്ന് പ്രപഞ്ചത്തിന്റെ സൃഷ്ടാവും എല്ലാ ശക്തിയും ബഹുമാനവും മഹത്വവും ഉള്ളവനാണ്. അവിടുത്തെ കാരുണ്യം എന്നേക്കും നില നിൽക്കുന്നു. അവിടുന്ന് നമ്മുടെ രക്ഷയുടെ ദൈവമാണ്. 29-ാം വാക്യം ആവശ്യപ്പെ ടുന്നത് "യഹോവയ്ക്ക് അവന്റെ നാമത്തിന്റെ മഹത്വം കൊടുപ്പിൻ; കാഴ്ചയുമായി അവന്റെ സന്നിധിയിൽ ചെല്ലുവിൻ; വിശുദ്ധഭൂഷണം ധരിച്ചു കൊണ്ട് യഹോവയെ നമസ്കരിക്കുവിൻ" എന്നുമാണ്.

## സ്തുതി എന്ന യാഗം


ആളുകൾക്ക് വ്യത്യസ്ത അഭിപ്രായം ഉണ്ടെങ്കിലും അധരഫലം എന്ന സ്തോത്രയാഗം ദൈവം ഈ കൃപായുഗത്തിലും ആവശ്യപ്പെടുന്നു."അതുകൊണ്ട് അവൻ മുഖാന്തരം നാം ദൈവത്തിന് അവന്റെ നാമത്തെ ഏറ്റു പറയുന്ന അധരഫലം എന്ന സ്തോത്രയാഗം ഇടവിടാതെ അർപ്പിക്കുക" (എബ്രായർ 13:15). ഹൃദയത്തിൽ സ്തുതിയും നന്ദിയും ഉണ്ടെങ്കിൽ അത് കർത്താവിനു ഒരു വഴിപാടായി വായിൽ നിന്ന് പുറത്തു വരണം. കർത്താവിനെ സ്തുതിക്കുവാൻ ബുദ്ധിമുട്ട് ആയിരിക്കാം. പക്ഷേ ദൈവത്തിനായി ജീവിക്കുന്നത് എപ്പോഴും എളുപ്പമുള്ള കാര്യവും അല്ല. അധരഫലമാകുന്ന സ്തോത്ര യാഗം അതിശയകരമായ അനുഗ്രഹങ്ങൾ കൊണ്ടുവരും.

## വാക്കുകളാലുള്ള സ്തുതി

വാക്കുകളാൽ ദൈവത്തെ പുകഴ്ത്തുന്നത് സ്തുതിയുടെ ഭാഗമാണ്. "യഹോവയ്ക്ക് സ്തോത്രം ചെയ്യുവിൻ; അവൻ നല്ലവനല്ലോ അവന്റെ ദയ എന്നേക്കുമുള്ളത്; യഹോവ വൈരികളുടെ കയ്യിൽ നിന്ന് വീണ്ടെടുക്കുകയും കിഴക്കും പടിഞ്ഞാറും വടക്കും കടലിലും ഉള്ള ദേശങ്ങളിൽ നിന്ന് കൂട്ടിച്ചേർക്കുകയും ചെയ്തവരായ അവന്റെ വിമുക്തന്മാർ അങ്ങനെ പറയട്ടെ" (സങ്കീർത്തനങ്ങൾ 107:1-3). പാട്ടുകളിൽ കൂടിയും കർത്താവിനു പുകഴ്ച നൽകുന്നു. "സീയോനിൽ യഹോവയ്ക്ക് സ്തുതി പാടുവിൻ" (സങ്കീർത്തനങ്ങൾ 9:11). എഫേസ്യർ 5: 19-20 ൽ ദൈവജനത്തോട് എല്ലായ്പ്പോഴും ദൈവത്തിന് എല്ലാറ്റിനും നന്ദി പറയുവാനും പാടുവാനും നിർദ്ദേശിക്കുന്നു.

## കർത്താവിനെ സ്തുതിക്കുവാൻ കാരണങ്ങൾ

കർത്താവിനെ സ്തുതിക്കുവാൻ നിരവധി കാരണങ്ങൾ ഉണ്ട്. സ്തുതികൾ സാഹചര്യങ്ങളെ ആശ്രയിച്ചായിരിക്കരുത്, കാരണം ജീവിതത്തിലെ ദുഷ്കരമായ സാഹചര്യങ്ങളിൽ പോലും ദൈവം നല്ലവനും സ്തുതികൾക്കു യോഗ്യനുമാണ്. ശിഷ്യന്മാരോട് അവരുടെ "പേരുകൾ സ്വർഗ്ഗത്തിൽ എഴുതിയിരിക്കുന്നതിനാൽ " സന്തോഷിക്കുവാൻ യേശു പറഞ്ഞു (ലൂക്കോസ് 10:19-20). അവിടുത്തെ കരുതലിനും പരിപാലനത്തിനും വേണ്ടി കർത്താവിനെ സ്തുതിക്കുക (യോവേൽ 2:26). യഹോവയുടെ നിയമ പെട്ടകം യിസ്രായേൽ ജനത്തിന്റെ പാളയത്തിൽ എത്തിയപ്പോൾ ഭൂമി കുലുങ്ങത്തക്കവണ്ണം അവർ ഉച്ചത്തിൽ ആർപ്പിട്ടു (1 ശമുവേൽ 4:5-6). അതുപോലെ തന്നെ



"സ്തുതി എന്നത് ആരാധനാ സമയത്തു മാത്രം പ്രയോഗിക്കേണ്ട ഒരു പ്രവർത്തനം അല്ല അതു ദൈനംദിന ജീവിതത്തിന്റെ ഭാഗമായിരിക്കണം"

ദൈവജനത്തിന്റെ മദ്ധ്യത്തിൽ ഇന്നും ദൈവത്തിന്റെ സാന്നിദ്ധ്യം ഉള്ളതിനാൽ നാമും അതുപോലെ ദൈവത്തെ സ്തുതിക്കണം. അർപ്പും സ്തുതിയും ഉണ്ടാകണം. പരിശുദ്ധാത്മാവിന്റെ സമൃദ്ധമായ അഭിഷേകത്തിൻ കീഴിൽ വാക്കുകളും സ്തുതിഗീതങ്ങൾക്കൊണ്ടും വിശുദ്ധിന്മാരോടൊപ്പം ആയിരിക്കുന്നതു എത്ര മനോഹരമായ അനുഭവമാണ്. "യഹോവയെ സ്തുതിപ്പിൻ; നമ്മുടെ ദൈവത്തിനു കീർത്തനം പാടുന്നതു നല്ലതു, അതു മനോഹരവും സ്തുതി ഉചിതവും തന്നെ (സങ്കീർത്തനങ്ങൾ 147:1). ദൈവം സ്തുതികളിന്മേൽ അധിവസിക്കുന്നതിനാൽ സ്തുതികളുടെ സ്ഥിരമായ അഭാവം വിശുദ്ധരെന്ന് അവകാശപ്പെടുന്നവരുടെ ഇടയിൽ ഉണ്ടായാൽ അതു ഒരു മുന്നറിയിപ്പിനുള്ള അടയാളമായിരിക്കണം.

## എപ്പോൾ സ്തുതിക്കണം

ദൈവജനം എല്ലായ്പ്പോഴും കർത്താവിൽ സന്തോഷിക്കണം (ഫിലിപ്പിയർ 4:4) മാത്രമല്ല ദിവസം മുഴുവനും കർത്താവിനെ സ്തുതിക്കുവാൻ തയ്യാറായിരിക്കുകയും വേണം. (സങ്കീർത്തനങ്ങൾ 35:28). സന്തോഷിക്കുന്നത് നല്ല സമയങ്ങളിൽ മാത്രമല്ല, കഠിനമായ പരീക്ഷകളുടെയും കഷ്ടപ്പാടുകളുടെയും പീഡനങ്ങളുടെയും സമയത്തും സന്തോഷിക്കണം (1 പത്രോസ് 4:12-13). ദൈവത്തിന് സ്തുതിയും മഹത്വവും നൽകപ്പെടുമ്പോൾ പ്രയാസകരമായ സമയങ്ങളിൽ അനുഭവിക്കുന്ന മനോഭാവത്തിലെ മാറ്റവും അതിശയകരമാണ്. സ്തുതി എന്നതു ആരാധനാ സമയത്തു മാത്രം പ്രയോഗിക്കേണ്ട ഒരു പ്രവർത്തനം അല്ല അതു ദൈനം ദിന ജീവിതത്തിന്റെ പതിവ് ഭാഗമായിരിക്കണം. സഭയിലും (സങ്കീർത്തനങ്ങൾ 149:1) അവിടുത്തെ സൃഷ്ടിയുടെ മഹിമാധിക്യത്തിനു തക്കവണ്ണം ദൈവം സ്തുതിക്കപ്പെടേണ്ടതാണ് (സങ്കീർത്തനങ്ങൾ 150: 1- 2). ശുദ്ധമായ ഹൃദയത്തിൽ നിന്ന് കർത്താവിനോടുള്ള സ്നേഹത്തിന്റെയും ആരാധനയുടെയും പ്രകടനമാണ് യഥാർത്ഥ സ്തുതി.

## ബൈബിൾ മാതൃകകൾ

ബൈബിളിൽ ആദിമ സഭയിലെ സ്തുതിയുടെ മാതൃകകളും ഉദാഹരണങ്ങളും ഉണ്ട്. യേശു അന്ധനെ സുഖപ്പെടുത്തിയപ്പോൾ അവൻ ദൈവത്തെ മഹത്വപ്പെടുത്തുകയും ജനം എല്ലാം ദൈവത്തിന് പുകഴ്ച കൊടുക്കുകയും ചെയ്തു. (ലൂക്കോസ് 18:42-43). മുടന്തൻ ദൈവാലയ കവാട ത്തിൽ വച്ച് സൌഖ്യം പ്രാപിച്ചപ്പോൾ അവൻ കുതിച്ചു ചാടി സ്തുതിച്ചു (അപ്പോസ്തല പ്രവർ ത്തികൾ 3:8-9). ദൈവം ചെയ്തതിൽ അവൻ വളരെ സന്തുഷ്ടനായി സന്തോഷത്താൽ തുള്ളിച്ചാടി. സ്തുതിയുടെ ഏറ്റവും ശ്രദ്ധേയമായ സംഭവങ്ങളിൽ ഒന്ന് യേശു കഴുതക്കുട്ടിയുടെ പുറത്ത് യരുശലേമിലേക്ക് വന്നപ്പോൾ ആയിരുന്നു. ശിഷ്യഗണം മുഴുവനും അവർ കണ്ട വീര്യ പ്രവർ ത്തികളെക്കുറിച്ച് സന്തോഷിച്ച് അത്യുച്ചത്തിൽ ദൈവത്തെ സ്തുതിച്ചു മഹത്വപ്പെടുത്തി (ലൂക്കോ 19:37).പത്രോസും ശിഷ്യന്മാരും മാത്രമല്ല ജന മെല്ലാം അത്യുച്ചത്തിൽ ദൈവത്തെ സ്തുതിച്ചു - അവർ സന്തോഷിച്ചു. വാക്യം 40 ൽ പരീശന്മാർ പരിഭവിച്ചപ്പോൾ യേശു അവരോട് ഉത്തരം പറഞ്ഞത് "അവർ മിണ്ടാതെയിരുന്നാൽ കല്ലുകൾ ആർത്തു വിളിക്കും". എന്നാണ്. ദൈവത്തിന്റെ ജനം സ്തുതിക്കാതെയിരുന്നാൽ പിന്നെ ആര് സ്തുതിക്കും? തെറ്റായി പരിഗണിക്കപ്പെട്ട് ദൈവത്തിന്റെ ജനം ഭീതിയാൽ മൂടപ്പെടണമോ? കല്ലുകൾ ആർത്തു വിളിക്കണമോ?

## സീയോൻ സ്തുതി വാഗ്ദാനം ചെയ്യുന്നു

സീയോന്റെ മതിലുകൾക്ക് (ദൈവസഭ) രക്ഷ എന്നും അതിന്റെ വാതിലുകൾക്ക് സ്തുതി എന്നും പേർ പറയും (യെശയ്യാവ് 60:18). ജനം സ്തുതിയുടെ വാതിലുകളിൽ കൂടി കടക്കുമ്പോൾ ജീവിത പ്രശ്നങ്ങളിൽ നിന്ന് അവർ ഉദ്ധരിക്കപ്പെടുകയും യേശുക്രിസ്തുവിന്റെ നിറഞ്ഞു കവിയുന്ന സമൃദ്ധിയിലേയ്ക്ക് ഉയർത്തപ്പെടുകയും ചെയ്യുന്നു. അവർ ഒന്നാകുകയും ദൈവമഹത്വത്തിന്റെ ഭാഗമായിത്തീരുകയും ചെയ്യുന്നു. ശത്രു ദൈവജനത്തിന്റെ സ്ഥിതി ഞെരുക്കുവാൻ ഇഷ്ടപ്പെടുന്നു. യിസ്രായേൽ മക്കൾ ബാബിലോണ്യ പ്രവാസത്തിൽ ആയിരുന്നപ്പോൾ അവരുടെ കിന്നരങ്ങളെ അലരി വൃക്ഷത്തിന്മേൽ തൂക്കിയിട്ട് സീയോനെ ഓർത്തു ഗീതങ്ങൾ പാടുവാൻ കഴിയാതെ കരഞ്ഞു. (സങ്കീർത്തനങ്ങൾ 137:1-4). എന്നിരുന്നാലും സീയോനിലേയ്ക്ക് അവർ വിശുദ്ധിയുടെ പെരുവഴിയിലൂടെ മടങ്ങി വന്നത് പാട്ടോടും ശാശ്വതമായ സന്തോഷത്തോടും കൂടെ ആയിരുന്നു. ദൈവജനത്തെ സംബന്ധിച്ചും ഇതായിരിക്കണം യാഥാർത്ഥ്യം. വിശുദ്ധന്മാർ "വിളിച്ചവന്റെ സത്ഗുണങ്ങളെ ഘോഷിപ്പാൻ തക്കവണ്ണം തെരഞ്ഞെടുക്കപ്പെട്ട ഒരു ജാതിയും രാജകീയ പുരോഹിതവർഗ്ഗവും വിശുദ്ധവംശവും സ്വന്തജനവും ആകുന്നു" (1 പത്രോസ് 2:9).

## ആത്മനിയന്ത്രണത്തിലുള്ള സ്തുതി

സത്യനമസ്ക്കാരികൾ പിതാവിനെ ആത്മാവിലും സത്യത്തിലും നമസ്കരിക്കുന്ന നാഴിക വരുന്നു എന്നാണ് യേശു പഠിപ്പിച്ചത് (യോഹന്നാൻ 4:23). ആത്മാവിനാൽ നിയന്ത്രിക്കപ്പെടുന്നത് സത്യസന്ധമായ ജീവിതത്തിന്റെ പിന്തുണയുള്ള സ്തുതിയാണ് സ്വീകാര്യമാക്കുന്നത്. സ്തുതികളാൽ നിറയുമ്പോൾ "ആത്മാവിനെ കെടുക്കാതെ" (1 തെസ്സലോനിക്യർ 5:19) ദൈവസ്തുതി മുഴങ്ങണം. ആരാധനയിൽ ഭയവും ഭക്തിയും ഉണ്ടായിരിക്കേണ്ടുന്നതാകയാൽ (എബ്രായർ 12:28) ആരാധനയ്ക്ക് കൂട്ടമായി ചേർന്നു വരുമ്പോൾ അനിയന്ത്രിതമായ ജഡിക പ്രദർശനങ്ങൾ ഉണ്ടാകരുത്. "സകലവും ഉചിതമായും ക്രമമായും നടക്കട്ടെ (1 കൊരിന്ത്യർ 14:40). എന്നാൽ സ്തുതിക്കുവാൻ സ്വാതന്ത്ര്യവും ലജ്ജിക്കേണ്ടതായ ആവശ്യവും ഇല്ല. (യോവേൽ 2: 26 - 27). സ്തുതിയുടെ യഥാർത്ഥ ആധാരം ക്രിസ്തു ആയിരിക്കണം (1 പത്രോസ് 4:10-11). ഒരിക്കലും സ്തുതി വിനോദത്തിനോ ജഡത്തിന്റെ പ്രദർശനത്തിനോ ആകരുത്. (ഫിലിപ്പിയർ 3:3).

## സ്വീകാര്യമായ സ്തുതിയിലെ ശക്തി

പലരും അടുത്ത് വന്ന് വായ്കൊണ്ടും അധരം കൊണ്ടും ദൈവത്തെ ബഹുമാനിക്കുന്നു എങ്കിലും അവരുടെ ഹൃദയം അവർ ദൈവത്തിൽ നിന്ന് അകറ്റിയിരിക്കുന്നു (യെശയ്യാവ് 29:13). ഇങ്ങനെയുള്ള സ്തുതി ദൈവം നിരസിക്കുന്നു കാരണം അവരുടെ ഹൃദയത്തിൽ നിന്നുള്ള സ്തുതിയും സ്നേഹവും ആണ് ദൈവം അന്വേഷിക്കുന്നത്. ക്രിസ്ത്യൻ കൂട്ടായ്മകളിൽ അനേകരും "സ്തുതിയും ആരാധനയും" എന്നത് ദുരുപയോഗിക്കുന്നു ; നമുക്ക്, ദൈവത്തിന്റെ ജനത്തിന് അവകാശമായി തന്നിരിക്കുന്നതിനെ ശത്രു അപഹരിക്കാതിരിക്കുവാൻ ശ്രമിക്കാം. വ്യക്തിപരമായും കൂട്ടായുമുള്ള ആരാധനയിൽ വലിയ ശക്തിയും ദൈവം അവരുടെ ജീവിതത്തിലും, ഹൃദയത്തിലും വാക്കുകളിലും മഹത്വപ്പെടുകയും ചെയ്യും. ■

# ചോദ്യവും ഉത്തരവും

## ഔപചാരിക ആരാധനയിൽ സംഗീത ഉപകരണങ്ങൾ ഉപയോഗിക്കാതിരിക്കുന്നത് സങ്കീർത്തനങ്ങളുടെ പുസ്തകത്തിൽ ഉദ്ധരിച്ചിരിക്കുന്നതുമായി പൊരുത്തക്കേട് ഉണ്ടോ?

അനേകം പാപങ്ങൾ ഉണ്ടായിരുന്നിട്ടും ദാവീദ് രാജാവ് ആരാധനയും സ്തുതിയും ഉള്ള ഒരു മനുഷ്യൻ ആയിരുന്നു. സങ്കീർത്തനങ്ങൾ മുഴുവൻ അവൻ ദൈവത്തെ സ്തുതിക്കുമെന്ന പ്രഖ്യാപനങ്ങളാണ്. 150–ാം സങ്കീർത്തനത്തിൽ എന്ന പോലെ പാട്ട് മാത്രമല്ല സംഗീത ഉപകരണങ്ങളോടും നൃത്തത്തോടും കൂടെ സ്തുതിക്കുവാൻ അവൻ മറ്റുള്ളവരെ പ്രചോദിപ്പിച്ചു. ദാവീദ് ജീവിച്ചതു മോശെയുടെ നിയമത്തിൻ കീഴിൽ ആയിരുന്നു, അല്ലാതെ യേശുക്രിസ്തുവിലുള്ള സത്യത്തിൻ കീഴിൽ ആയിരുന്നില്ല. ഈ കൃപയുടെ കാലയളവിലും ദാവീദിന്റെ ഗുണങ്ങളും സവിശേഷതകളും ഇപ്പോഴും പ്രശംസനീയവും പ്രചോദനവുമാണ്.

പഠിപ്പിക്കുവാനും, നിർദ്ദേശിക്കുവാനും, പ്രചോദിപ്പിക്കുവാനും ദാവീദിൽ നിന്നോ ആദ്യകാല പ്രവാചകന്മാരിൽ നിന്നോ ഉദ്ധരിക്കുന്നത് പൊരുത്തക്കേടല്ല. പുതിയ നിയമ പഠിപ്പിക്കലിന് വിരുദ്ധമായ എന്തെങ്കിലും ഉണ്ടെങ്കിൽ ഞങ്ങൾ ഇനി ആ മാതൃക പിന്തുടരുകയില്ല. ദാവീദിന്റെ സ്തുതി പുതിയ നിയമ പഠിപ്പിക്കലുമായി യോജിക്കുന്നതും പ്രചോദനാത്മകവുമാണ് എങ്കിലും, അദ്ദേഹത്തിന്റെ ചില സമ്പ്രദായങ്ങൾ പുതിയ നിയമത്തിലെ വിശുദ്ധന്മാരുടെ പഠിപ്പിക്കലും സമ്പ്രദായങ്ങളുമായി പൊരുത്തപ്പെടുന്നതല്ല.

ദാവീദ് യാഗങ്ങൾ അർപ്പിക്കുകയും ദശാംശം നൽകുകയും സംഗീത ഉപകരണങ്ങൾ ഉപയോഗിച്ച് ആരാധിക്കുകയും ചെയ്തപ്പോൾ ആദ്യകാല പുതിയ നിയമസഭ അങ്ങനെ ചെയ്തില്ല. ന്യായപ്രമാണത്തിന്റെ ജഡിക കല്നകൾക്കും ആചാരങ്ങൾക്കും വിരുദ്ധമായി അവർ ആത്മാവിലും സത്യത്തിലും ആരാധിച്ചു. പുതിയ നിയമത്തിൽ സംഗീത ഉപകരണങ്ങളുടെ ഉപയോഗത്തെ സാധൂകരിക്കുന്ന ഒരു പഠിപ്പിക്കലും ഇല്ല; കൂടാതെ പുരാതനകാലത്തെ പരിഷ്കർത്താക്കളിൽ പലരും സഭയുടെ ആദ്യകാല നാളുകളിൽ ആരാധനാലയങ്ങളിൽ അവ ഉപയോഗിക്കുവാൻ പഠിപ്പിച്ചിരുന്നില്ല.

ആരാധനയിൽ സംഗീത ഉപകരണങ്ങളുടെ ഉപയോഗത്തെക്കുറിച്ചുള്ള കൂടുതൽ വിവരങ്ങൾക്ക് ലക്കം 21 കാണുക:
www.thegospeltruth.org

## ആധുനിക സ്തുതിയും ആരാധനയും കർത്താവിന് സ്വീകാര്യമായ ഒരു ആരാധനാ രീതി ആണോ?

ഈ ചോദ്യത്തിൽ നിരവധി പ്രശ്നങ്ങൾ ഉണ്ട് അവ എല്ലാം ഞാൻ പരിഗണിക്കുന്നില്ല; എന്നാൽ സ്തുതിയും ആരാധനയും എന്ന ആധുനിക രീതിയെക്കുറിച്ച് പരിഗണിക്കേണ്ടുന്ന ചില കാര്യങ്ങൾ ഞാൻ പങ്കുവയ്ക്കാം. ഒന്നാമത് സ്തുതിയും ആരാധനയും കർത്താവിൽ നിന്നുള്ള കല്പനയാണ് എന്നുള്ളത് പ്രത്യേകം ശ്രദ്ധിക്കുക. യഥാർത്ഥ സ്തുതിയും ആരാധനയും ജഡത്തെയല്ല ആത്മാവിനെ പിന്തുടരുന്നതായിരിക്കണം. ധാരാളം പള്ളികളിൽ കച്ചേരിയും ജഡത്തെ ഉത്തേജിപ്പിക്കുന്ന പ്രവർത്തനങ്ങളും ഉണ്ട് എന്നാൽ അത് ആത്മീക വർദ്ധനവിന് പ്രയോജനപ്പെടുന്നതുമല്ല. ബഹുവർണ്ണ വിളക്കുകൾ, വിദഗ്ധ ബാൻഡുകൾ, നൃത്തച്ചുവടുകളോടെ ദൈവത്തെ സ്തുതിക്കുന്ന ഗാനങ്ങൾ മുതലായവ പാപജീവിതത്തിലേക്ക് മടങ്ങുവാൻ മാത്രമേ ഉപകരിക്കുന്നുള്ളൂവെങ്കിൽ അത്തരം പ്രവർത്തികളുടെ സ്വീകാര്യത ചോദ്യം ചെയ്യപ്പെടേണ്ടതാണ്. ആധുനിക സ്തുതിയും ആരാധനയും ക്രിസ്തു മതത്തിന്റെ മറവിൽ നീതിരഹിതമായ ജീവിതങ്ങൾക്കും സാദ്ധ്യമാണ് എന്നു മാത്രമല്ല ഒരു വസ്തുതയുമാണ്.



സത്യ ആരാധനയുടെ ലക്ഷ്യം ക്രിസ്തു തന്നെയാണ്. ആധുനിക സ്തുതിയും ആരാധനയും മനുഷ്യന്റെ കഴിവുകളെയും ജഡത്തിന്റെ കഴിവുകളെയും ഉയർത്തുകയും മഹത്വപ്പെടുത്തുകയും ചെയ്യുന്നു. ഉയർന്നതും ഉത്തേജകവുമായ കാര്യങ്ങൾ അത്തരം സേവനങ്ങളിൽ ഉണ്ടാകണം, എന്നാൽ എന്റെ ദീർഘകാല അനുഭവത്തിന്റെ വെളിച്ചത്തിൽ ഞാൻ ഇതുവരെ അവിടെ വിശുദ്ധിയെ കണ്ടിട്ടില്ല. സംഗീതം അതിൽ തന്നെ ആരാധന ആകുന്നില്ല, ലേഖകന്റെ വാക്കുകളിൽ "മാനസീക അനുഭവം" ആണെങ്കിൽ അതു യഥാർത്ഥ ആരാധന അല്ല.

ദൈവത്തോടുള്ള സ്നേഹത്താൽ ഹൃദയത്തിൽ നിന്ന് വരുന്നതാണ് സ്വീകാര്യമായ ആരാധന, അനുസരണത്താൽ ഹൃദയത്തിലുള്ള ദൈവസ്നേഹം തെളിയിക്കപ്പെടുകയും ചെയ്യുന്നു. ക്രിസ്തുവിന്റെ കാലത്തും വായ്കൊണ്ട് യേശുവിനോട് അടുക്കുകയും അധരം കൊണ്ട് അവനെ ബഹുമാനിക്കുകയും ചെയ്തവർ ഉണ്ടായിരുന്നു, എന്നാൽ അവരുടെ ഹൃദയം അവനിൽ നിന്ന് അകലെ ആയിരുന്നു (മത്തായി 15:8)


> "ദൈവത്തോടുള്ള സ്നേഹത്താൽ ഹൃദയത്തിൽ നിന്ന് വരുന്നതാണ്സ്വീകാര്യമായ ആരാധന, അനുസരണത്താൽ ഹൃദയത്തിലുള്ള ദൈവസ്നേഹം തെളിയിക്കപ്പെടുകയും ചെയ്യുന്നു"

സ്തുതിയും ആരാധനയും, പല ആധുനിക രീതികളും ലൗകീകവും ദൈവീക ആരാധനയുടെ ലാളിത്യത്തിനും വിരുദ്ധമാണ്. എല്ലാവർക്കും സ്തുതിക്കുവാനുള്ള അവകാശവും പദവിയും ഉണ്ടെങ്കിലും ദൈവമക്കൾ കർത്താവിന് സ്വീകാര്യമല്ലാത്ത ആചാരങ്ങൾ നിലനിർത്തുവാനോ ആവ ക്ഷമിച്ചു കൊടുക്കുന്നതിൽ കുറ്റക്കാരോ ആയിത്തീരരുത്. നിർഭാഗ്യവശാൽ ആധുനിക സ്തുതിയും ആരാധനയും പൊതുവെ ആളുകളെ കർത്താവുമായി കൂടുതൽ അടുത്ത ബന്ധത്തിലേയ്ക്ക് ആകർഷിക്കുന്നില്ല.

**നിങ്ങൾക്ക് അറിയാമോ?**

Printed matter only
**MALAYALAM EDITION**

സ്ത്രീകളുടെ എളിമയെയും പെരുമാറ്റത്തെയും കുറിച്ചുള്ള (ചിലർ സ്വീകാര്യമായ വിശുദ്ധിയെ കാണുന്നതു പോലെ) നിർദ്ദേശങ്ങൾക്കു മുമ്പ് പൗലോസ് പുരുഷന്മാരോട് ഇപ്രകാരം പ്രസ്താവിക്കുന്നു. "ആകയാൽ പുരുഷന്മാർ എല്ലായിടത്തും കോപവും വാഗ്വാദവും വിട്ടകന്ന് വിശുദ്ധ കൈകളെ ഉയർത്തി പ്രാർത്ഥിക്കണം എന്ന് ഞാൻ ആഗ്രഹിക്കുന്നു.




**തക്കസമയത്ത് പറഞ്ഞ വാക്ക്**

# സ്തുതി എന്ന മേലാട

*"(കർത്താവ്) ദുഃഖത്തിന് പകരം ആനന്ദതൈലവും വിഷണ്ണ മാനസത്തിനു പകരം സ്തുതി എന്ന മേലാടയും തന്നിരിക്കുന്നു" - യെശയ്യാവ് 61:3*

പാപപങ്കിലമായ ലോകത്തിൽ സുവിശേഷം അറിയിക്കുവാനും, നരകത്തിലേക്ക് പോകുന്നവർക്ക് ആത്മീയ സൗഖ്യവും വിടുതലും നൽകുവാനുമായി ക്രിസ്തു ലോകത്തിലേക്ക് വന്നു. ഭാരത്തിന്റെയും അടിച്ചമർത്തലിന്റെയും ആത്മാവ് ഉണ്ടായിരുന്നിടത്തു യേശുക്രിസ്തു സ്തുതിയുടെ ഒരു വസ്ത്രം നൽകുന്നു.

പാപത്താൽ ഭാരപ്പെട്ട ഒരു മനോഭാവം നിലനിർത്തണമോ അതോ തങ്ങളുടെ ഭാരമുള്ള ഹൃദയം തുറന്നു അവർക്ക് വിശ്രാമവും സമാധാനവും നൽകുവാൻ യേശുക്രിസ്തുവിനെ അനുവദിക്കണമോ എന്ന് ആളുകൾ തിരഞ്ഞെടുക്കുന്ന ഒരു കാര്യമാണ്. പിതാവിന് മഹത്വവും ബഹുമാനവും കൊണ്ടുവരുന്ന സ്തുതിയുടെ വസ്ത്രത്തിൽ തന്റെ മക്കളെ പൊതിയുവാൻ കർത്താവ് ആഗ്രഹിക്കുന്നു.



നമുക്കു ചുറ്റുമുള്ള ലോകത്തിൽ പാപത്തിന്റെ സാന്നിദ്ധ്യത്താൽ ഉള്ള എല്ലാ വേദനകളിൽ നിന്നും ഹൃദയവേദനകളിൽ നിന്നും രക്ഷ നമ്മെ വിടുവിക്കുകയില്ല എന്നതു ഓർത്തിരിക്കേണ്ടതും പ്രാധാന്യവുമാണ്. രക്ഷിക്കപ്പെട്ട ആളുകൾക്ക് ഇപ്പോഴും ശാരീരികവും വൈകാരികവും താൽക്കാലികവുമായ പ്രശ്നങ്ങൾ നേരിടാം. ആ പ്രശ്നങ്ങൾക്കിടയിൽ ശത്രു ദൈവ പൈതലിനെ മുക്കി കൊല്ലുവാൻ ശ്രമിക്കുമ്പോൾ പ്രത്യാശ നഷ്ടപ്പെടുകയും ആത്മാവിൽ ഇരുട്ട് അവശേഷിപ്പിക്കുന്ന ഭാരം അനുഭവപ്പെടുകയും ചെയ്യുന്നു. ദുഃഖിക്കുന്നവരെ ആശ്വസിപ്പിക്കുവാനും വേദനിക്കുന്നവരെ ശുശ്രൂഷിക്കുവാനുമാണ് യേശു വന്നത്.

ആത്മാവിൽ നിങ്ങൾ ഭാരപ്പെടുവാൻ തുടങ്ങുമ്പോൾ കർത്താവിങ്കലേയ്ക്ക് നോക്കുക, സ്തുതി എന്ന മേലാടയാൽ നിങ്ങൾക്കായ് നീട്ടിയിരിക്കുന്ന അവന്റെ കരങ്ങൾ കാണുക. രാത്രിയുടെ യാമങ്ങളിൽ വേദനയുടെ നടുവിൽ ഭാരപ്പെടുത്തുന്ന ആത്മാവിനെ സ്തുതികൊണ്ട് കീഴ്പ്പെടുത്തണം. നിങ്ങൾക്കു ചുറ്റും കാര്യങ്ങൾ തകരുമ്പോഴും നിങ്ങൾക്ക് കർത്താവിന്റെ രക്ഷയ്ക്കും സ്നേഹത്തിനും വേണ്ടി അവനെ സ്തുതിക്കാം. കർത്താവിനെ സ്തുതിക്കുമ്പോൾ നിരാശയുടെ മേഘങ്ങൾ മാറും.

സ്തുതി എല്ലായ്പ്പോഴും കണ്ണുനീർ ഒഴിവാക്കൽ അല്ല, എന്നാൽ നമ്മുടെ ജീവിതത്തിൽ ഹൃദയങ്ങളിൽ ഉളവാക്കുന്ന കണ്ണുനീരിൽ പോലും ക്രിസ്തുവിന്റെ സാന്നിദ്ധ്യം നിമിത്തം സ്തുതി നിറയുവാൻ കഴിയും, കൊടുങ്കാറ്റുകളുടെ മദ്ധ്യത്തിൽ സ്തുതിക്കുവാനും നന്ദി പറയുവാനും കഴിയുന്നില്ലങ്കിൽ കൊടുംങ്കാറ്റിനെ വകവയ്ക്കാതെ സ്തുതി തിരഞ്ഞെടുക്കുക, സ്തുതിയുടെ അത്ഭുതകരമായ മേലാടയ്ക്കുവേണ്ടി ആത്മഭാരത്തോടെ ഇടപെടുക. ■

if Undelivered
Please return to:

***Contact:***
The Editor
Gospel Truth
Karickam P.O
Kottarakara
Kerala 691531
India

**ബന്ധപ്പെടുക**
പത്രാധിപർ
ഗോസ്പൽ ട്രൂത്ത്
കരിക്കം പി.ഒ.
കൊട്ടാരക്കര - 691531
കേരള.

ദൈവ നാമം മഹത്വപ്പെടട്ടെ.

Chief Editor **Michael W. Smith**
Malayalam Editor: **Mathew Joseph**
Asst. Editor **Baby Mathew**
Publisher: **Biju J. Varghese**